<u>പതിനാലാം കേരളനിയമസഭ</u>

<u>പത്താം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5523</u> | 27.03.2018 ൽ മറുപടിയ്ക്ക്

<u>പഞ്ചായത്തിലെ ഡ്രൈവർ നിയമനം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ്** | **ഡോ. കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| എ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് തുടങ്ങി 7 ജില്ലകൾ പഞ്ചായത്തിലെ ഡ്രൈവർ തസ്തിക പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുമ്പോൾ മറ്റ് ജില്ലകളിലെ പഞ്ചായത്ത് ഡ്രൈവർ ഒഴിവ് പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്യാതെ ദിവസവേതനം അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| ബി) കൊല്ലം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, പാലക്കാട്, ജില്ലകളിലെ പഞ്ചായത്ത് ഡ്രൈവർ തസ്തികയിലെ ഒഴിവ് പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) എറണാകുളം, കാസർഗോഡ് ജില്ലകളിൽ നിലവിൽ ഡ്രൈവർ തസ്തികകളിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ല കൊല്ലം ജില്ലയിൽ 7 ഒഴിവുകളും, തൃശ്ശൂർ ജില്ലയിൽ 2 ഒഴിവുകളും, പാലക്കാട് ജില്ലയിൽ 2 ഒഴിവുകളും, കണ്ണൂർ ജില്ലയിൽ 1 ഒഴിവും, പത്തനംതിട്ട ജില്ലയിൽ 4 ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) മികച്ച വികസനം ഉള്ള എറണാകുളം ജില്ലയിൽ ഉള്ള 78 പഞ്ചായത്തിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

56